ചെയ്യാനുദ്ദേശിക്കുന്ന കാര്യം, ഇവരുടെയെല്ലാം ഒരു യോഗം വിളിക്കുക എന്നുള്ളതാണ്. രണ്ടു സാദ്ധ്യത അതിനു മുൻപിൽ വയ്ക്കുകയാണ്. ഒന്ന്, കൊച്ചിൻ യൂണിവേഴ്സിറ്റി തന്നെ ഈ കോളേജ് ശരിക്ക് നടത്തിക്കൊണ്ടുപോകാനുള്ള സൗകര്യം ചെയ്യുമോയെന്നുള്ള കാര്യം അന്വേഷിക്കണം. അത് പറ്റില്ല എന്ന് ബോദ്ധ്യപ്പെടുകയാണെങ്കിൽ ഈ വിദ്യാഭ്യാസ സ്ഥാപനം എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള ആട്ടോണമസ് ബോഡിക്ക് ഏതിനെങ്കിലും കൈമാറാൻ പറ്റുമോയെന്നുള്ള കാര്യം അന്വേഷിക്കണം. എന്തായാലും ശരി കുട്ടികളുടെ ഭാവിയെ ഓർത്തുകൊണ്ട്, എ.ഐ.സി.റ്റി.ഇ.യുടെ അനുവാദം ലഭിക്കാതെ പോകുന്ന സാഹചര്യമുണ്ടെന്ന് കണ്ടുകൊണ്ട് അതിനാവശ്യമായ പരിഹാര നടപടികൾ ഗവൺമെന്റ് തീർച്ചയായിട്ടും സ്വീകരിക്കും.

(4) വയനാട് പേരിയാ റേഞ്ചിൽ കൃഷിഭൂമിയും കൈവശഭൂമിയും വനം വകുപ്പിൽ നിന്നും ജണ്ട കെട്ടുവാനുള്ള തീരുമാനം നിർത്തിവയ്ക്കുന്നതു സംബന്ധിച്ച്

ശ്രീമതി രാധാരാഘവൻ: സർ, എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട തവിഞ്ഞാൽ പഞ്ചായത്തിലെ പേരിയാ 34-ാം മൈൽ പ്രദേശത്ത് ബ്രിട്ടീഷുകാരുടെ കാലം മുതൽ തലമുറകളായി കൃഷിചെയ്തും വീട് വച്ചും അനുഭവിച്ചു കൊണ്ടിരിക്കുന്ന നാൽപ്പത് കുടുംബങ്ങളുടെ റവന്യൂ ഭൂമി നോർത്ത് വയനാട് ഡിവിഷൻ ഫോറസ്റ്റിലെ പേരിയാ സെക്ഷൻ ഉദ്യോഗസ്ഥർ ഫോറസ്റ്റ് ഭൂമിയാണെന്ന് പറഞ്ഞ് സർവേനടത്തി ജണ്ട കെട്ടുന്ന നടപടി നടത്തിവരികയാണ്. ഈ പ്രദേശവാസികൾ അവരുടെ ഭൂമിയിൽ പട്ടയം വാങ്ങിയവരും കൈവശരേഖ വാങ്ങിയവരും ആണ്. ഈ പ്രശ്നത്തിന് റവന്യൂ വകുപ്പു മന്ത്രിക്ക് നിവേദനം കൊടുത്തതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രദേശം മാനന്തവാടി തഹൽസീൽദാർ സന്ദർശിച്ച് കൈവശ കൃഷിക്കാരുടെ കണക്കെടുത്ത് റിപ്പോർട്ട് ജില്ലാ കളക്ടർക്ക് നൽകിയതായി അറിയാൻ കഴിഞ്ഞു. ആയതിനാൽ ഫോറസ്റ്റ് അധികൃതരുടെ ജണ്ടകെട്ടൽ നടപടി നിറുത്തിവയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, തവിഞ്ഞാൽ പഞ്ചായത്തിലെ പേരിയ റേഞ്ചിൽ 36-ാം മൈൽ എന്ന സ്ഥലത്ത് പെരിയാർ റിസർവ് വനാതിർത്തിയിൽ ജണ്ട ഇടുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2005 സാമ്പത്തിക വർഷം നോർത്ത് വയനാട് ഡിവിഷനിലെ 4443 ജണ്ട നിർമ്മിക്കുന്നതിന്റെ ഭാഗമായാണ് മേൽ നടപടികൾ സ്വീകരിച്ചിട്ടുള്ളത്. ഇതിനായി സർവേയും ഡീ-മാർക്കേഷനും നടത്തി വരവെ പേരിയാ വനാതിർത്തിയുടെ 36 മൈൽവരെയുള്ള പ്രദേശത്ത് ചില കൈയേറ്റങ്ങൾ കണ്ടെത്തുകയുണ്ടായി. ഏതാണ്ട് മുപ്പത്തിയൊന്ന് കുടുംബങ്ങൾ ഇവിടെ ചെറിയ തോതിൽ കൈയേറ്റം നടത്തിയിട്ടുള്ളതായിട്ടാണ് വിവരം ലഭിച്ചത്. ഈ കൈയേറ്റങ്ങളുടെ ഓരോന്നിന്റേയും വിസ്തൃതി നാല് സെന്റ് മുതൽ പത്തു സെന്റു വരെയാണ്. കൈയേറ്റക്കാരായ മുപ്പത്തിയൊന്ന് കുടുംബങ്ങളിൽ നാല് പേരൊഴിച്ച് ബാക്കിയുള്ള വരെല്ലാം സമീപകാലത്താണ് കൈയേറ്റം നടത്തിയിട്ടുള്ളത് എന്നാണ് മനസ്സിലാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

1998-ൽ നടത്തിയ സംയുക്ത പരിശോധനയുടെ അടിസ്ഥാനത്തിൽ കൈയേറ്റ ഭൂമി പതിച്ചുനൽകുന്നതിന് അർഹതപ്പെട്ട നാല് കുടുംബങ്ങളുടെ കൈവശം 155 സെന്റ് ഭൂമിയാണ് ഉള്ളത്. ഇവർക്ക് കൈവശരേഖ ലഭിച്ചിട്ടുള്ളതാണ്. ഈ പ്രദേശത്തെ അനധികൃത കൈയേറ്റങ്ങൾ തിട്ടപ്പെടുത്തുന്നതിന് സർവ്വേ നടത്തി, റീസർവ്വേ നോട്ടിഫിക്കേഷൻ പ്രകാരം അതിരുകൾ നിർണ്ണയിച്ച് ശരിയായ അതിർത്തിയിലൂടെയാണ് ജണ്ട നിർമ്മാണം നടത്തുന്നത്. അപ്രകാരം ജണ്ടയിടുമ്പോൾ റെഗുലറൈസ് ചെയ്യേണ്ടതായ കൈയേറ്റ ഭൂമി ഒഴിവാക്കിയാണ് ജണ്ടകൾ നിർമ്മിക്കുന്നത്. അർഹതപ്പെട്ട 155 സെന്റ് ഈവിധം ഒഴിവാക്കിയാണ് ഇവിടെ ജണ്ട നിർമ്മിക്കുന്നത്. 62 ജണ്ടകളാണ് ഈ പ്രദേശത്ത് ഇതുവരെ നിർമ്മിച്ചത്. ഇനി 126 ജണ്ടകൾ ഇവിടെ നിർമ്മിക്കാനുണ്ട് ഈ സവലത്തെ കൈയേറ്റക്കാരുടെ എതിർപ്പുമൂലം സർവേയും ജണ്ട നിർമ്മാണവും തീർത്തും മന്ദഗതിയിലാണ്. ഇത് പേരിയാ റിസർവ് ആയി വിജ്ഞാപനം ചെയ്തിട്ടുള്ള സവലമാണ്. ഇതൊക്കെയാണ് സ്ഥിതി എങ്കിൽപോലും ബഹുമാനപ്പെട്ട അംഗമിവിടെ പറഞ്ഞ പരാതിയുടെ അടിസ്ഥാനത്തിൽ എന്താണെന്ന് പരിശോധിക്കുന്നതാണ്.

(5) അഴിമുഖങ്ങളിൽ നിന്നും മണൽത്തിട്ടകൾ നീക്കുന്നതിന് നടപടി

ശ്രീ. ടി. എൻ. പ്രതാപൻ: സർ, തൃശ്ശൂർ ജില്ലയിലെ ചേറ്റുവ ഉൾപ്പെടെയുള്ള കേരളത്തിലെ പ്രധാനപ്പെട്ട എല്ലാ അഴിമുഖങ്ങളും മണൽ മൂടി ഇന്ന് മൽസ്യബന്ധന യാനങ്ങൾക്ക് സഞ്ചരിക്കാൻ കഴിയാത്തത്ര ദുർഘടമായി വരികയാണ്. സുനാമി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ വീണ്ടും കൂടുതൽ മണൽ അഴിമുഖത്ത് അടിഞ്ഞുകൂടിയിരിക്കുകയാണ്. കേരളത്തിലെ പരമ്പരാഗത മൽസ്യത്തൊഴിലാളികൾ ഉൾപ്പെടെ മൽസ്യബന്ധനവുമായി ബന്ധപ്പെട്ട മുഴുവൻ മേഖലയേയും അതിരൂക്ഷമായി ബാധിക്കുന്ന പ്രശ്നമാണ് അഴിമുഖങ്ങളിൽ മണൽത്തിട്ട അടിഞ്ഞുകൂടിയിട്ടുള്ളത്. കുറേ കാലമായി അത് നീക്കുന്നതിനുവേണ്ടിയിട്ടുള്ള ശക്തമായ സമ്മർദ്ദങ്ങൾ എല്ലാ ഭാഗത്തുനിന്നും ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ സഹായത്തോടുകൂടി ഇതിനുവേണ്ടി ക്രിയാത്മകമായ സമീപനങ്ങൾ ഉണ്ടായേ മതിയാകൂ. അടിയന്തിരമായി ചേറ്റുവായുൾപ്പെടെയുള്ള കേരളത്തിലെ അഴിമുഖങ്ങളിൽ അടിഞ്ഞുകൂടിയിട്ടുള്ള മണൽ നീക്കം ചെയ്യുന്നതിനും വാർഫ് ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ മണൽ മൂടി മൽസ്യബന്ധന യാനങ്ങൾക്ക് അടുക്കാൻ കഴിയാത്തതിന് ശാശ്വത പരിഹാരം കാണാനും അടിയന്തിരമായ നടപടി സ്വീകരിക്കണം.

ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. ഡൊമിനിക് പ്രസന്റേഷൻ): സർ, സംസ്ഥാനത്തെ പണി പൂർത്തിയായ ഫിഷിംങ് ഹാർബറുകളും ഫിഷ് ലാന്റിംഗ് സെന്ററുകളും ഡ്രഡ്ജിംങ് നടത്തുന്നതിനുള്ള 18.535 കോടി രൂപയുടെ ഒരു പ്രൊപ്പോസൽ 3-1-2004-ൽ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ ചേറ്റുവ അഴിമുഖത്തുനിന്നും നാലു ലക്ഷത്തി പതിനയ്യായിരം ഘനമീറ്റർ മണ്ണ് നീക്കം ചെയ്യുന്നതിന് 311.2 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. സുനാമി കടൽ ക്ഷോഭത്തിൽ നാശനഷ്ടം സംഭവിച്ച എട്ട് ഫിഷിംഗ് ഹാർബറുകളുടേയും പതിനഞ്ച് ഫിഷ് ലാന്റിംഗ് സെന്ററുകളുടേയും പുനരുദ്ധാരണത്തിനും അവിടെ നിന്ന് മണ്ണ് നീക്കം ചെയ്യുന്നതിനുമായി 27.50 കോടി രൂപയുടെ രൂപരേഖ കേന്ദ്രാനുമതിക്കായി സമർപ്പിച്ചിരുന്നു. അതിന്റെ 1-ാം ഘട്ടമെന്ന നിലയിൽ അടിയന്തിരമായി ഏർപ്പാട്

LIBRARY ARCHIVES Kerala Legislative Assembly